തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ:കെ.ഗോപാലകൃഷ്ണൻ. ഐ.എ.എസ്)

കെ5-4412/18 തീയതി 04.10.2019

വിഷയം: പൊന്നുംവില- പി.ഡബ്ല്യൂ.ഡിയ്ക്ക് വേണ്ടി പേട്ട -ആനയറ-വെൺപാലവട്ടം - ഒരുവാതിൽകോട്ട റോഡ് വികസനത്തിനായുള്ള പൊന്നുംവില നടപടിയുടെ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകികൊണ്ട് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്-ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന
1) 29.10.2018 ലെ 4412 നമ്പർ ഗസറ്റ് വിജ്ഞാപനം.
2) 28.06.2019 ലെ 4412 നമ്പർ തിരുത്തല് വിജ്ഞാപനം
3) 29.06.2016 ലെ ജി.ഒ(പി) 376/2016/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.
4) വിദഗ്ധ സമിതിയുടെ 17.09.2019-ലെ റിപ്പോർട്ട്.

.........................................................

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ പി.ഡബ്യു.ഡി-യ്ക്ക് വേണ്ടി പേട്ട -ആനയറ-വെൺപാലവട്ടം -ഒരുവാതിൽകോട്ട റോഡ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി തിരുവനന്തപുരം പി.ഡബ്ലിയു.ഡി. റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല എസ്.ഐ.എ ഏജൻസിയായ ഐ.അർ.ഡി ,തിരുവനന്തപുരം സമർപ്പിച്ച **The Right of Fair Compensation and Transparency in Land Acquisition and Resettlement Act 2013** അധ്യായം 2എ പ്രകാരമുള്ള സാമൂഹിക ആഘാത പഠന റിപ്പോർട്ട്, ഈ നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6ാം ഉപവകുപ്പ് അനുശാസിക്കുംവിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാ കളക്ടറെ സൂചന 3 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ്

പകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന് ഉൾപ്പെട്ട് വരുന്നതാണെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൌകര്യങ്ങളെയും ആഘാതങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്നും ബോധ്യമായിരിക്കുന്നു. പ്രസ്തുത ഭൂമി പദ്ധതിയ്ക്ക് അനിവാര്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രായോഗികമല്ലാത്തതിനാലും ഈ പദ്ധതി പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമായതിനാലും അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 1.837 ഹെക്ടർ പേട്ട വില്ലേജിലെ വിവിധ സർവെ നമ്പരിൽപ്പെട്ട ഭൂമി പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർനടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

ജില്ലാ കളക്ടർ

പകർപ്പ്

1)പ്രിൻസിപ്പൽ സെക്രട്ടറി,റവന്യു വകുപ്പ്(ആമുഖ കത്ത് സഹിതം)

2)എക്സിക്യൂട്ടീവ് എൻജിനീർ,PWD റോഡ് ഡിവിഷൻ,തിരുവനന്തപുരം

3)സ്പെഷ്യൽ തഹസിൽദാർ.എൽ.എ),(സതേൺ സർക്കിൾ),തിരുവനന്തപുരം.

(നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി).

4)എൻ.ഐ.സി.ആഫീസർ(സർക്കാർ വെബ്സൈറ്റിൽ അപ്-ലോഡ് ചെയ്യുന്നതിന്)

5)ഡെപ്യൂട്ടി കളക്ടർ(എൽ.എ)യുടെ സി.എ

6)സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)